Malayala Manorama, Kochi, September 23, 2010

# ടിസിഎസ് പ്രശ്നോത്തരി മൽസരം നടത്തും

കൊച്ചി: പ്രമുഖ ഐടി സ്ഥാപനമായ ടിസിഎസ്, സ്കൂൾ വിദ്യാർഥികൾക്കായി പ്രശ്നോത്തരി മൽസരം–'ടിസിഎസ് ഐടി വിസ്' സംഘടിപ്പിക്കും. കലൂർ ഐഎംഎ ഹൗസിൽ ഈ മാസം 29നാണു മേഖലാതല മൽസരം. രാജ്യത്തെ വിവിധ മേഖലകളിൽ നിന്നുള്ള മൽസര വിജയികളെ ഉൾപ്പെടുത്തി ഡിസംബറിൽ ദേശീയതലത്തിൽ മൽസരം നടത്തും.

വിവരസാങ്കേതികവിദ്യയെക്കുറിച്ചു വിദ്യാർഥികൾക്കുള്ള വിജ്ഞാനം പരിശോധിക്കുന്ന ക്വിസ് മൽസരത്തിലെ വിജയികൾക്കു ലാപ്ടോപ് ഉൾപ്പെടെയുള്ള സമ്മാനങ്ങളാണു ലഭിക്കുക. എട്ടു മുതൽ പ്ലസ് ടു വരെയുള്ള വിദ്യാർഥികൾക്കു പങ്കെടുക്കാം. വിവരങ്ങൾക്ക്: 0484 6618081.